**ശ്രദ്ധ ക്ഷണിക്കൽ**

## 1. കരിമണൽ ഖനനം

ഡോ. സുജിത് വിജയൻ പിള്ള: സർ, കരിമണൽ ഖനനം സ്വകാര്യവത്കരിക്കാനുള്ള കേന്ദ്രസർക്കാർ നടപടിക്കെതിരെ ഈ സഭയുടെ ശ്രദ്ധക്ഷണിക്കുന്നു. കേന്ദ്ര ഖനി മന്ത്രാലയം 25-05-2022-ൽ പ്രസിദ്ധീകരിച്ച നോട്ടീസിൽ പ്രതിപാദിക്കുന്നതിനനുസരിച്ച് 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിൽ ചില നിയമഭേദഗതികൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുവെന്നും ആയതിലേയ്ക്ക് പൊതുജനാഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നുവെന്നും കാണുന്നുണ്ട്. ഇതിൽ ആറ് പോയിന്റുകളായി സൂചിപ്പിക്കുന്ന എല്ലാ നിയമഭേദഗതികളും രാജ്യത്തിന്റെ താത്പര്യത്തിന് ദോഷകരമാണ്. അതിൽത്തന്നെ ആറാമത്തെ പൊയിന്റിൽ പറയുന്നത്, 1957-ലെ എം.എം.ഡി.ആർ ആക്ടിൽ ആദ്യ ഷെഡ്യൂളിൽ പാർട്ട് (ബി)-ൽവരുന്ന 12 ആറ്റോമിക് മിനറൽസുകളിൽനിന്നും 8 മിനറൽസുകളെ മാറ്റിയെടുത്ത് പാർട്ട്-ഡി എന്ന പുതിയ മിനറൽ ഗ്രൂപ്പ് ഉണ്ടാക്കുന്നു. പാർട്ട് (ഡി)-ൽവരുന്ന എല്ലാ ധാതുക്കളുടെയും ഖനനം കേന്ദ്രസർക്കാരിന് ലേലത്തിലൂടെ വിൽക്കാവുന്നതാണ്. ഈ വിഭാഗത്തിൽപ്പെടുന്ന 8 ധാതുക്കളിൽ ഒന്ന് ബീച്ച്

സാൻഡ് മിനറൽസാണ്. അതിൽ Ilmenite, Monazite, ... Rutile, Garnet, Zircon, Sillimanite തുടങ്ങിയ ധാതുക്കൾ ലേലത്തിൽവച്ച് വിൽക്കുവാനും ഈ നിയമഭേദഗതിയിലൂടെ കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നു. സ്വാകാര്യ കുത്തകകളെ സഹായിക്കാനാണ് പ്രസ്തുത ഭേദഗതി കൊണ്ടുവന്നിരിക്കുന്നതെന്ന് വ്യക്തമാണ്. കേന്ദ്രസർക്കാരിന്റെതന്നെ 01-03-2019-ൽ ഇറക്കിയ ഉത്തരവിൽ ദേശീയ സുരക്ഷയെ ബാധിക്കുന്ന ആറ്റോമിക് മിനറൽസിന്റെ ഖനനം പൂർണ്ണമായും കേന്ദ്ര-സംസ്ഥാന സരക്കാരുകളുടെ പരിധിയിൽപ്പെടുത്തുകയും സ്വകാര്യ മേഖലയെ പൂർണ്ണമായി ഒഴിവാക്കിയതുമാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയിലൂടെ 2019-ൽ കൊണ്ടുവന്ന ഉത്തരവ് അട്ടിമറിക്കപ്പെടുകയാണ്. മോണോസൈറ്റിൽനിന്നും വേർതിരിക്കാവുന്ന പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് എന്ന് 1962-ലെ ആറ്റോമിക് എനർജി ആക്ടിൽ പറയുന്ന യൂറേനിയം, പ്ലൂട്ടോണിയം, തോറിയം തുടങ്ങിയ ന്യൂക്ലിയാർ പവർ പ്രോഗ്രാമിൽ ഉപയോഗിക്കുന്നതുമായ ഊർജ്ജ മൂലകങ്ങൾ സ്വകാര്യ മേഖലയുടെ കൈകളിൽ എത്തുന്നത് രാജ്യസുരക്ഷയ്ക്കും രാജ്യതാത്പര്യത്തിനും എതിരാണ്. ഇതിൽ മോണോസൈറ്റിൽനിന്നും വേർതിരിക്കാവുന്ന

തോറിയം ആണ് ആറ്റംബോംബ് നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. ഇവ ദുരുപയോഗം ചെയ്യുവാനും ശത്രുരാജ്യങ്ങളിൽ എത്തുവാനുമുള്ള വലിയവ സാധ്യതയുണ്ട്. മാത്രമല്ല, പരിസ്ഥിതി അനുമതിയില്ലാതെ ഖനനം ചെയ്യാമെന്നതിനാൽ തീരദേശ ആവാസവ്യവസ്ഥയെയും പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും അതുവഴി മത്സ്യത്തൊഴിലാളികളെയും ബാധിക്കുന്നതാണ്. കേരളത്തിൽ ഖനനത്തെ ആശ്രയിച്ചുനടത്തുന്ന പൊതമേഖലാ സ്ഥാപനങ്ങളായ KMML, IREL, TTP തുടങ്ങിയവയുടെ നിലനിൽപ്പിനെതന്നെ ബാധിക്കുന്നതാണ് പുതിയ നിയമം. ഇപ്പോൾത്തന്നെ കേരള സർക്കാരിന്റെ നിരന്തര പരിശ്രമങ്ങളുടെ ഭാഗമായാണ് കരിമണൽ ലഭ്യത ഉറപ്പുവരുത്തുന്നത്. ഓരോ സംസ്ഥാന സർക്കാരുകൾക്കും കോടിക്കണക്കിന് രൂപയുടെ വരുമാനംതരുന്ന ഈ സ്ഥാപനങ്ങൾ ആയിരക്കണക്കിന് തൊഴിലാളികൾകൾക്ക് പ്രത്യക്ഷമായും പതിനായിരക്കണക്കിന് വ്യക്തികൾക്ക് പരോക്ഷമായും തൊഴിൽ നൽകുന്നു. പ്രദേശത്തെ സാധാരണക്കാരായ ജനങ്ങൾക്ക് കുടിവെള്ളം, ചികിത്സാ സഹായം തുടങ്ങി നിരവധി ക്ഷേമപ്രവർത്തനങ്ങളും ഈ പൊതുമേലാ സ്ഥാപനങ്ങൾ നടത്തിവരുന്നു. കേന്ദ്രസർക്കാരിന്റെ ഈ നയം ഫെഡറൽ

സംവിധാനത്തിന്റെ അധികാരപരിധിയിലേയ്ക്കുള്ള കടന്നുകയറ്റത്തിനുള്ള മറ്റൊരു ഉദാഹരണമാണ്. ആയതിനാൽ കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്താനാവശ്യമായ നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തിനിന്നുമുണ്ടാകണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ ഗൗരവമേറിയൊരു പ്രശ്നമാണ് ഇവിടെ ബഹുമാനപ്പെട്ട ചവറ അംഗം ഉന്നയിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാർ വിവിധ സംസ്ഥാന സർക്കാരുകളുടെ അഭിപ്രായം അറിയുന്നതിനായി 25-05-2022-ൽ പുറപ്പെടുവിച്ച നോട്ടീസ് പ്രകാരം 1957-ലെ മൈൻസ് ആൻഡ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിൽ ആറ് ഭേദഗതി തീരുമാനങ്ങളാണ് മുന്നോട്ടുവച്ചിരിക്കുന്നത്. 1957-ലെ ആക്ടിൽ ഒന്നാമത്തെ ഷെഡ്യൂളിൽ പാർട്ട് (ബി)ൽ ഉൾപ്പെടുന്നതും നാളിതുവരെ സ്ട്രാറ്റജി ഗണത്തിൽ പരിഗണിച്ചുവരുന്നതുമായ 12 ധാതുക്കളിൽ ടൈറ്റാനിയം മിനറൽസ്, ഇൽമനൈറ്റ്, റൂട്ടെയിൽ, ബീച്ച് സാൻഡ് മിനറൽസ് ഉൾപ്പെടെ എട്ട് ധാതുക്കളെ ആക്ടിൽ പ്രത്യേകമായി പാർട്ട് (ഡി) രൂപീകരിച്ച് അതിലേയ്ക്ക്

മാറ്റി അവയുടെ ലേല നടപടികൾ കൈകൊള്ളുവാൻ സംസ്ഥാന സർക്കാരിന്റെ അധികാരത്തിന് ഉപരിയായി കേന്ദ്രസർക്കാരിനെ അധികാരപ്പെടുത്താനാണ് ഈ ഭേദഗതിയിലൂടെ ശ്രമിക്കുന്നത്. നിലവിൽ 1957 ലെ ആക്ടിലെ സെക്ഷൻ 5(1)-ലെ മൂന്നാമത്തെ പ്രൊവിസോയിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് പ്രകാരം സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമാണ് അറ്റോമിക് മിനറൽസ് ഖനനം ചെയ്യുന്നതിനുള്ള മൈനിംഗ് ലീസ് ലഭ്യമാകുന്നത്. ആ വ്യവസ്ഥയാണ് ആക്ടിലെ ഭേദഗതിയോടെ മാറ്റംവരുത്താൻ ശ്രമിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധമായ നീക്കമാണ്. യഥാർത്ഥത്തിൽ ഭരണഘടനയുടെ സംസ്ഥാന ലിസ്റ്റിൽപ്പെടുന്നതിൽ, ധാതുക്കളുടെ ഉടമസ്ഥാവകാശം സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്നതാണ്. കേന്ദ്രത്തിന് ഇതുസംബന്ധിച്ചുള്ള നിയമങ്ങൾ നിർമ്മിക്കാനുള്ള അധികാരം ഉണ്ടെങ്കിലും ആ അധികാരംതന്നെ പൊതുജനാഭിപ്രായത്തിന് വിധേയമായിരിക്കുമെന്ന് ഭരണഘടന വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്പോൾ സംസ്ഥാനങ്ങളുടെ താല്പര്യത്തിന് വിരുദ്ധമായും സംസ്ഥാനങ്ങളുടെ അധികാരത്തിന്മേലുള്ള കടന്നാക്രമണമായുമാണ് ഈ നീക്കത്തെ സംസ്ഥാന സർക്കാർ കാണുന്നത്. അതുകൊണ്ടുതന്നെ

ഇതിനെതിരെയുള്ള ഒരു നിലപാട് കേന്ദ്രത്തിനെ അറിയിച്ചിട്ടുണ്ട്. രാജ്യത്തെ ഖനന നിയമങ്ങൾ രൂപീകൃതമാകുമ്പോൾ പൊതുജനങ്ങളുടെ താല്പര്യത്തെ പരിഗണിക്കപ്പെടണമെന്ന ഭരണഘടനാപരമായ തത്വമാണ് ഈ ആക്ടിലെ ഭേദഗതി നിർദ്ദേശത്തിലൂടെ ഖണ്ഡിക്കപ്പെടുന്നത്. രണ്ടാമതായി 1962-ലെ അറ്റോമിക് എനർജി ആക്ടിൽ യുറേനിയം, പ്ലൂട്ടോണിയം തോറിയം, ബെറീലിയം, ഡ്യൂട്ടീരിയം തുടങ്ങിയ ധാതുക്കളും അവയുടെ വകഭേദങ്ങളും ഉല്പന്നങ്ങളും പ്രിസ്ക്രൈബ്ഡ് സബ്സ്റ്റൻസ് എന്ന ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തെ ന്യൂക്ലിയർ പവർ പ്രോഗ്രാമുകൾക്ക് ആവശ്യമായ ഇത്തരം ധാതുക്കൾ അറ്റോമിക് എനർജി ഡിപ്പാർട്ട്മെന്റിന്റെ അധീനതയിലുള്ളതാണ്. അറ്റോമിക് എനർജി, പ്രതിരോധ മേഖല, ബഹിരാകാശ പദ്ധതികൾ എന്നിവയിലുള്ള ഉപയോഗം കണക്കിലെടുത്ത് കേന്ദ്ര ഖനി മന്ത്രാലയം രാജ്യത്തെ സ്വകാര്യ കമ്പനികൾക്ക് ഇത്തരം ധാതുക്കളുടെ ഖനനാനുമതി നൽകേണ്ടതില്ലായെന്ന് 2019-ൽത്തന്നെ തീരുമാനിച്ചിരുന്നതാണ്. ഈ തീരുമാനങ്ങളും ആക്ടിലെ വ്യവസ്ഥകളുമാണ് ഈ ഭേദഗതി നിർദ്ദേശത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. അതുകൊണ്ടുതന്നെ അത്യന്തം തന്ത്രപ്രാധാന്യമുള്ളതായി കരുതുന്ന ധാതുക്കൾ

സ്വകാര്യ ഉടമസ്ഥതയിൽ ലഭ്യമാക്കുന്ന നടപടി രാജ്യസുരക്ഷയെ ബാധിക്കുന്ന ഒന്നായി മാറുന്നതാണ്. മൂന്നാമതായി, ഈ നിർദ്ദേശങ്ങൾ കേരളംപോലുള്ള പാരിസ്ഥിതിക സങ്കീർണ്ണതയുള്ള സംസ്ഥാനത്ത് പ്രത്യേകിച്ചും തീരപ്രദേശങ്ങളിൽ ഗുരുതരമായ ആഘാതങ്ങൾ സൃഷ്ടിക്കും. ലക്ഷക്കണക്കിന് വർഷങ്ങളിലെ ഭൂമിശാസ്ത്രപരമായ പരിണാമംകൊണ്ട് രൂപപ്പെട്ട കേരളത്തിലെ തീരപ്രദേശവും തീരത്തോട് ചേർന്നുകിടക്കുന്ന ഉൾപ്രദേശങ്ങളും അറ്റോമിക് ധാതുക്കളുടെ സാന്നിദ്ധ്യമുള്ളതാണ്. പാരിസ്ഥിതിക സങ്കീർണ്ണതയും പ്രാധാന്യവുമുള്ള ഇത്തരം പ്രദേശങ്ങളുടെ സംരക്ഷണംപോലും ഇല്ലാതാക്കുന്ന സാഹചര്യമാണ് ഭേദഗതിയിലൂടെ സംജാതമാകുന്നത്. നാലാമതായി കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച ഭേദഗതി നിർദ്ദേശങ്ങൾമൂലം സംസ്ഥാന സർക്കാരിന്റെ അനുമതികൂടാതെതന്നെ കരിമണൽ ഉൾപ്പെടുന്ന സ്ഥലങ്ങൾ സ്വകാര്യമേഖലയ്ക്ക് ഖനനത്തിനുള്ള അധികാരം കേന്ദ്ര സർക്കാരിന് ലഭിക്കുകയും വളരെയേറെ ജനസാന്ദ്രതയുള്ളതും അതീവ ദുർബലവും പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിടുന്നതുമായ കേരളത്തിന്റെ തീരമേഖല സ്വകാര്യ ഖനനത്തിന് നല്കുന്നതുവഴി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്

തടസ്സമുണ്ടാകുന്നതും ഇത്തരം ധാതുവിഭവങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുമെന്ന് വിലയിരുത്തുന്നു. സംസ്ഥാനത്തിന്റെ താല്പര്യം അങ്ങേയറ്റം ഹനിക്കുന്ന കേന്ദ്രസർക്കാരിന്റെ ഭേദഗതി നിർദ്ദേശങ്ങൾക്കെതിരെ സംസ്ഥാന സർക്കാർ ഇപ്പോൾതന്നെ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് 04-07-2022-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ യോഗം ചേരുകയും ഈ ഭേദഗതി നിർദ്ദേശങ്ങളിൽ ഭരണഘടനാ ലംഘനം ഉൾപ്പെടെയുള്ള കാര്യങ്ങൾ രാജ്യത്തിന്റെ പ്രമുഖ ഭരണഘടന വിദഗ്ദ്ധരുമായി ചർച്ച ചെയ്തുകൊണ്ട് നിയമപരമായ തുടർനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്.

<u>ഡോ. സുജിത് വിജയൻപിള്ള</u>: സർ, ഇങ്ങനെയൊരു ഭേദഗതി വരികയാണെങ്കിൽ സംസ്ഥാന സർക്കാർ ഇതിനെതിരെ സുപ്രീംകോടതിയിൽ ചോദ്യം ചെയ്യുന്നതടക്കമുള്ള നടപടികളുമായി മുന്നോട്ടുപോകുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, ഞാനത് നേരത്തെത്തന്നെ

വ്യക്തമാക്കിയതാണ്. അതുസംബന്ധിച്ച് ഭരണഘടനാ വിദഗ്ദ്ധരുമായി ചർച്ച ചെയ്തുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കും.

## 2. കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ

ശ്രീ. സണ്ണി ജോസഫ്: സർ, മാഹിമുതൽ വളപട്ടണംവരെ കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ നടപടികളുടെ ഭാഗമായി കുറ്റിയടിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഏറ്റവും നന്നായിട്ടറിയാവുന്ന, അദ്ദേഹത്തിന്റെ നിയോജകമണ്ഡലം ഉൾക്കൊള്ളുന്ന പ്രദേശത്തുകൂടിയാണ് അത് കടന്നുപോകുന്നത്. ഇതുസംബന്ധിച്ച് പാരിസ്ഥിതികാഘാത പഠനം നടന്നതായിട്ടറിയില്ല. അതുപോലെ സാമൂഹികാഘാത പഠനവും നടന്നിട്ടില്ല. സാമൂഹികാഘാത പഠനം നടത്തുമെന്ന് വിവരാവകാശ രേഖപ്രകാരം ഇതിന്റെ സമരക്കാർക്ക് മറുപടി ലഭിച്ചിരുന്നു, പക്ഷേ അത് ഇതുവരെയും നടന്നിട്ടില്ല. ജനവാസകേന്ദ്രങ്ങളിലൂടെയാണ് ഈ പദ്ധതി കടന്നുപോകുന്നത്. കൃത്രിമ ജലപാതയ്ക്ക് രൂപകല്പന ചെയ്തിട്ടുള്ളത് ഭൂമിയുടെ നിലവിലുള്ള ഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തികൊണ്ടാണ് കുന്നിൻപ്രദേശങ്ങൾ ആഴത്തിൽ കുഴിച്ച് താഴ്ത്തേണ്ടതായിട്ടുണ്ട്. കടൽ ജലനിരപ്പിൽനിന്ന്

താഴെയായിരിക്കും ജലപാതയിലെ ജലനിരപ്പ് വരുന്നത്. അങ്ങനെ വരുമ്പോൾ ജലാംശയം ഉപ്പുവെള്ളംകൊണ്ട് നിറയും. കിണറുകളെയും കുടിവെള്ള സ്രോതസ്സുകളെയും ഇത് ബാധിക്കും. നെൽവയലുകളും തണ്ണീർത്തടങ്ങളും നശിക്കും, കണ്ടൽക്കാടുകൾ തലശ്ശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഇല്ലാതെയാകും. നിരവധി വീടുകൾ പൊളിക്കേണ്ടതായിവരും. പാനൂരിൽമാത്രം നാനൂറോളം വീടുകൾ പൊളിക്കേണ്ടതായിട്ടുണ്ട്. പാനൂരിലെ ആളുകൾ പറഞ്ഞൊരു കാര്യം അവിടെ ഇപ്പോൾതന്നെ ടൗണിനോട് ചേർന്നാണ് വരുന്നത്. ഇപ്പോൾ ടൗൺഷിപ്പിൽ വരുന്ന നിരവധി പദ്ധതികളുടെ ഭാഗമായി പാനൂരിൽമാത്രം വരുന്ന പ്രധാനപ്പെട്ടൊരു വിഷയം അവിടെ 110 കെ.വി. ലൈനിന് നൂറ് മീറ്റർസ്ഥലം ടൗണിലെടുത്തു. മൈസൂർ റെയിൽപ്പാതയ്ക്ക് 60 മീറ്റർ, ഗെയിൽ പൈപ്പിന് വേറെ സ്ഥലം. പഴശ്ശി കനാൽ നേരത്തെ കുഴിച്ചത് അത് വെറുതെ കിടക്കുന്നു. വിമാനത്താവള റോഡ് അതുവഴിയാണ് കടന്നുവരുന്നത് അതിന്റെ പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നു. ടൗൺ ഷിപ്പിലൂടെതന്നെ ഈ പദ്ധതിയുംകൂടി വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നവുമുണ്ട്. പെരിങ്ങത്തൂരിൽനിന്ന് മാക്കുനിവഴി എരഞ്ഞോളിക്ക് വരുകയാണെങ്കിൽ ഏഴര കി.മീ. ദൂരം കനാൽ നിർമ്മിച്ചാൽ

മതിയാകും. ബഹുമാന്യനായ മുഖ്യമന്ത്രിക്കും ശ്രീ. കെ. പി. മോഹനനും നന്നായിട്ടറിയുന്ന കാര്യമാണ്. പക്ഷെ പെരിങ്ങത്തൂരിൽനിന്ന് കുറ്റ്യാടിയിൽ വന്ന് യൂടേൺ ചെയ്ത് പാനൂരിലേയ്ക്ക് വരാനാണ് ഇപ്പോൾ നിർദ്ദേശിക്കുന്നത്. അങ്ങനെ വരുമ്പോൾ ഏഴര കി.മീ. എന്നുള്ളത് ഏതാണ്ട് പതിമൂന്ന് കി. മീറ്ററായി മാറും. ജനവാസ കേന്ദ്രത്തിലൂടെയാണ് കടന്നുപോകുന്നത്. ആരുടെയോ പ്രത്യേകസൗകര്യത്തിനുവേണ്ടിയാണ് ഇങ്ങനെയൊരു മാറ്റംവരുത്തുന്നത്. ചാല, പനോന്നേരി, ആഡൂർ, കടമ്പൂർ, ഇല്ലിക്കുന്ന്, ചെമ്പിലോട്, മധുക്കോത്ത് തുടങ്ങിയ, മധുക്കോത്ത് എന്നത് കണ്ണൂരിനും മട്ടന്നൂരിനും ഇടയ്ക്കുള്ള ഏച്ചൂരിനടുത്ത് സ്ഥിതി ചെയ്യുന്ന വളരെ ഉയർന്ന സ്ഥലമാണ്. അവിടെയൊരു ജലപാത നിർമ്മിക്കണമെങ്കിൽ എത്രയോ താഴ്ചയിൽ കുഴിക്കേണ്ടതായിവരും. ഇതിനെതിരായി അവിടെയുള്ള ജനങ്ങൾ ആശങ്കയിലാണ്. സമരങ്ങൾ നടന്നിട്ടുണ്ട്. ആ സമരങ്ങളെ പോലീസ് ബലപ്രയോഗത്തിലൂടെയാണ് കൈകാര്യം ചെയ്തത്. കുറ്റിയടിക്കാൻ പോയ സ്ഥലങ്ങളിൽ സ്ത്രീകളും ഗൃഹനാഥമാരുമൊക്കെ അതിനെ എതിർത്തപ്പോഴൊക്കെ അവരെ അന്യായമായി പോലീസ് സ്റ്റേഷനിൽ മണിക്കൂറുകളോളം അവിടെ ഇരുത്തിക്കൊണ്ടാണ് അവരുടെ

അസാന്നിധ്യത്തിൽ കുറ്റിയടിക്കൽ നടന്നിട്ടുള്ളത്. അതുകൊണ്ട് പാരിസ്ഥിതികാഘാതപഠനവും സാമൂഹികാഘാതപഠനവും നടത്തണം. ശുദ്ധജല സ്രോതസുകളെ സാരമായി ബാധിക്കും. തലശ്ശേരിയിലെ കണ്ടൽക്കാടുകളും ഏതാണ്ട് നശിക്കുന്ന രൂപത്തിലാണ്. അതിന് കൊടുത്ത കത്തിന്റെ അടിസ്ഥാനത്തിൽ വനംവകുപ്പുതന്നെ പറഞ്ഞിട്ടുള്ളത്, കൊട്ടിയൂർ റേഞ്ചിലെ തോലമ്പ്ര സെക്ഷനിൽപ്പെട്ട കണ്ടൽ റിസർവ് വനങ്ങൾക്ക് പ്രസ്തുത പദ്ധതി ഭീഷണിയാണെന്നും കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ ഭാഗത്തുനിന്ന് നാളിതുവരെയായിട്ടും ഈ പദ്ധതികളുമായി ബന്ധപ്പെട്ട അപേക്ഷകളൊന്നും കണ്ണൂർ ഡിവിഷൻ ഫോറസ്റ്റ് ഓഫീസുകളിൽ ലഭിച്ചിട്ടില്ലെന്നും ഇത്തരത്തിൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ പരിശോധന നടത്തി പരിസ്ഥിതി ആഘാതം വിലയിരുത്താനാകുവെന്നും സൂചന (2) കത്ത് പ്രകാരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഇത് ചീഫ് കൺസർവേറ്റർ നല്കിയ മറുപടിയാണ്. അദ്ദേഹത്തെ ഡി.എഫ്.ഒ. അറിയിച്ചിട്ടുള്ളത് ഇതിനെ സംബന്ധിച്ചുള്ള അപേക്ഷകളൊന്നും കിട്ടിയിട്ടില്ല, പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടില്ല, കണ്ടൽ കാടുകൾ

നശിക്കാനിടയുണ്ട് എന്നുള്ളതാണ്. വളരെയേറെ പ്രകൃതി സമ്പത്തായി നില്ക്കുന്ന കണ്ടൽക്കാടിനെ ഇനിയും നശിപ്പിക്കുന്നത് വളരെയേറെ പാരിസ്ഥിതിക ആഘാതം സൃഷ്ടിക്കും. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വിലയിരുത്തണം, ജനങ്ങളുടെ ആശങ്കകൾ പരിഗണിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കോവളം - ബേക്കൽ പശ്ചിമതീര ജലപാതയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ രീതിയിൽ കണ്ണൂർ ജില്ലയിലെ മാഹിപ്പുഴയ്ക്കും എരഞ്ഞോളി പുഴയ്ക്കുമിടയിൽ 9.2 കി.മീ.-ഉം എരഞ്ഞോളി പുഴയ്ക്കും ധർമ്മടം പുഴയ്ക്കുമിടയിൽ 800 മീറ്ററും അഞ്ചരക്കണ്ടിപുഴയ്ക്കും വളപട്ടണം പുഴയ്ക്കുമിടയിൽ 15 കി.മീ.-ഉം ഭാഗത്ത് കൃത്രിമ കനാലുകൾ നിർമ്മിക്കേണ്ടതുണ്ട്. ഇപ്പോൾ അവിടെ ബന്ധിപ്പിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണ് കൃത്രിമ കനാലുകൾ വേണ്ടിവരുന്നത്. തലശ്ശേരി താലൂക്കിൽ തൃപ്പങ്ങോട്ടൂർ, പെരിങ്ങളം, പാനൂർ, ചേലോറ, മൊകേരി എന്നീ വില്ലേജുകളിൽക്കൂടി കടന്നുപോകുന്ന ഒന്നാം റീച്ചിന്റെ സാങ്കേതിക വിശകലനം നടന്നുവരികയാണ്. രണ്ടാം റീച്ചിലുൾപ്പെടുന്ന തലശ്ശേരി വില്ലേജിലും മൂന്നാം റീച്ചിലുൾപ്പെടുന്ന മുഴപ്പിലങ്ങാട്, കടമ്പൂർ, എടക്കാട്,

ചെമ്പിലോട്, ചേലോറ, വലിയന്നൂർ എന്നീ വില്ലേജുകളിലും അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അടയാളപ്പെടുത്തുകയും സാമൂഹികാഘാത പഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹികാഘാതപഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ നടത്തുമ്പോൾ പദ്ധതി പ്രദേശത്തുൾപ്പെടുന്നവരുടെ അഭിപ്രായങ്ങളും ആശങ്കകളും അറിയിക്കാൻ അവസരമുണ്ട്. പ്രസ്തുത പഠനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ ഭൂമിയേറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. ആശങ്കകളെല്ലാം ആ ഘട്ടത്തിൽ വിശദമായി പരിശോധിക്കാവുന്നതാണ്. രണ്ടാം റീച്ചിന് 14.8 ഏക്കർ സ്ഥലവും മൂന്നാം റീച്ചിന് 246.5 ഏക്കർ സ്ഥലവുമാണ് ഏറ്റെടുക്കേണ്ടിവരുന്നത്. മൂന്ന് റീച്ചുകളിലെയും ഭൂമി ഏറ്റെടുക്കലിനും പുനരധിവാസത്തിനുമായി 650 കോടി രൂപയുടെ കിഫ്ബി ധനസഹായം ഉറപ്പാക്കിയിട്ടുണ്ട്. LARR ആക്ട് 2013 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ചായിരിക്കും പദ്ധതി നടപ്പാക്കുക. ഏറ്റവും ഉദാരമായ നഷ്ടപരിഹാരവും ഭൂമിക്കും കെട്ടിടങ്ങൾക്കും ഏറ്റവും മികച്ച വിലയും ഉറപ്പാക്കും. ആയതിനാൽ ഭൂമിയേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് യാതൊരു ആശങ്കയ്ക്കും വകയില്ല.

കണ്ടലിന് അതിന്റെ വർദ്ധവിനാണ് വഴി വയ്ക്കുന്നതെന്നുകൂടി നാം കാണേണ്ടതായിട്ടുണ്ട്.

ശ്രീ. സണ്ണി ജോസഫ്: സർ, ജനങ്ങളുടെ ആശങ്കകൾ നിലനിൽക്കുന്നതിനാൽ അവിടത്തെ സമര സമിതിയുമായി ചർച്ച നടത്തി അതിന് പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവസരം സൃഷ്ടിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഒട്ടേറെ ജനപ്രതിനിധികളുമായും ഇതുപോലുള്ള പ്രശ്നങ്ങളേറ്റെടുക്കുന്നവരുമായും നേരത്തെതന്നെ ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇനിയും നമുക്ക് കാര്യങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.